**A** **505**

# സമഗ്ര ശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2024-2025

## സാമൂഹ്യശാസ്ത്രം


ക്ലാസ്: 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 7 പ്രവർത്തനങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 5 പ്രവർത്തനങ്ങളിലെ എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

**പ്രവർത്തനം 1**

ചിത്രം നിരീക്ഷിക്കുക.



എ) ചിത്രത്തിൽ നിന്ന് ഗ്രാമത്തിന്റെ ഏതെങ്കിലും 3 സവിശേഷതകൾ കണ്ടെത്തി എഴുതുക.

ബി) പീലിയുടെ ഗ്രാമത്തിലെ ചന്തയ്ക്കു സമാനമായി ഇന്നു നിങ്ങളുടെ നാട്ടിൽ സാധനക്കൈമാറ്റത്തിന് ആശ്രയിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാം? (രണ്ടെണ്ണം എഴുതുക)

**പ്രവർത്തനം 2**

**തീ ഉപയോഗിക്കാൻ പരിശീലിച്ചത് മനുഷ്യരുടെ ഭക്ഷണരീതിയിൽ സുപ്രധാന മാറ്റമുണ്ടാക്കി.**




എ) തീ ഉപയോഗിക്കാൻ ശീലിച്ചതോടെ മനുഷ്യന്റെ ഭക്ഷണസംസ്കാരത്തിൽ ഉണ്ടായ മാറ്റങ്ങളിൽ പെടാത്തത് ഏത്?

(a) വേവിച്ചുതിന്നുന്നു  (b) ചുട്ടുതിന്നുന്നു


(c) പച്ചക്ക് തിന്നുന്നു  (d) പുഴുങ്ങിത്തിന്നുന്നു

ബി) പ്രാചീന മനുഷ്യന്റെ തീയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന ആശയപടം നിരീക്ഷിച്ച് ക്രമപ്പെടുത്തുക.




- കാട്ടുതീയിൽപ്പെട്ട് ചത്ത മൃഗങ്ങളുടെ വെന്ത മാംസം ഭക്ഷണമാക്കി
- ..............................
- ..............................
- ..............................
- ..............................

**പ്രവർത്തനം 3**







എ. ഇന്ന് ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തെയും കൈമാറ്റത്തെയും സൂചിപ്പിക്കുന്ന ചിത്രങ്ങൾ നോക്കൂ. എങ്ങനെയൊക്കെയായിരിക്കും ആദിമ മനുഷ്യൻ ഭക്ഷണം സംഭരിച്ചു വച്ചിട്ടുണ്ടാവുക. ഒരു കുറിപ്പ് തയ്യാറാക്കുക.

ബി. നാണയവ്യവസ്ഥ നിലവിൽ വരുന്നതിനുമുമ്പ് സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്ന രീതി ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?

## പ്രവർത്തനം 4




എ) തന്നിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് മാസശമ്പളമുള്ള തൊഴിലിലും ദിവസക്കൂലിയുള്ള തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരെ പട്ടികപ്പെടുത്തുക.

| മാസശമ്പളം | ദിവസക്കൂലി |
|---|---|
| 1. പോലീസ് | 1. ....................................... |
| 2. ....................................... | 2. ....................................... |
| 3. ....................................... | 3. കെട്ടിടനിർമ്മാണ തൊഴിലാളി |

ബി) 'തൊഴിൽ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്? ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

സി) ഓഹരി നിക്ഷേപത്തിൽ നിന്നു ലഭിക്കുന്ന വരുമാനത്തെ സൂചിപ്പിക്കുന്ന പദം തിരഞ്ഞെടുക്കുക.

(a) പലിശ (b) ലാഭം

(c) ശമ്പളം (d) ലാഭവിഹിതം

## പ്രവർത്തനം 5





സംഭാഷണം വായിച്ചല്ലോ?

എ) പീലിയുടെ ഗ്രാമത്തിലെ വിനോദങ്ങൾ നിങ്ങൾ കണ്ടല്ലോ? നിങ്ങളുടെ നാട്ടിലുള്ള വിനോദങ്ങളുടെ പേരെഴുതുക.

ബി) ഓൺലൈൻ ഗെയിമുകളും പീലിയുടെ ഗ്രാമത്തിൽ കണ്ട വിനോദങ്ങളും താരതമ്യം ചെയ്ത് ഗുണദോഷങ്ങൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

### പ്രവർത്തനം 6

എ) വസ്ത്രനിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ആശയപടം പൂർത്തിയാക്കുക.




ബി) കേരളത്തിലെ ഏതെങ്കിലും ഒരു കൈത്തറി വസ്ത്ര നിർമ്മാണകേന്ദ്രത്തിന്റെ പേരെഴുതുക.

### പ്രവർത്തനം 7

എ) ഭക്ഷ്യവിഭവവുമായി ബന്ധപ്പെട്ടു തന്നിട്ടുള്ള തിരിച്ചറിയൽ കാർഡ് പൂർത്തിയാക്കുക.

**തിരിച്ചറിയൽ കാർഡ്**



| | | |
|---|---|---|
| ഭക്ഷ്യവിഭവം | : | കൈതച്ചക്ക |
| ജന്മദേശം | : | ........................ |
| ഇന്ത്യയിലെത്തിച്ച രാജ്യക്കാർ | : | പോർച്ചുഗീസുകാർ |
| വർഗം | : | പഴവർഗം |

ബി) ഭക്ഷ്യവിഭവങ്ങളുടെ കൈമാറ്റത്തിന്റെ ഫലമായി ഇന്ത്യയിൽ പ്രചാരത്തിൽ വന്ന മറ്റു ഭക്ഷ്യവിഭവങ്ങൾ പട്ടികയാക്കുക. (നാലെണ്ണം എഴുതുക)

- 
- 
- 
- 